"ഭരണഭാഷ–മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കോവിഡ് ബാധിതരാകുന്ന ദിവസ/കരാർ വേതന അടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള ജീവനക്കാർക്ക് പ്രസ്തുത കാലയളവിലെ വേതനം അനുവദിക്കുന്നത് സംബന്ധിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ (വ്യയം–സി) വകുപ്പ്**

സ.ഉ.(അച്ചടി) നം.31/2022/ധന തിരുവനന്തപുരം, തീയതി, 15/03/2022

---

പരാമർശം:– 1. 11/11/2020 ലെ സ.ഉ(പി)നം.155/2020/ധന ഉത്തരവ്
2. 22/01/2022 ലെ സ.ഉ(സാധാ)നം.70/2022/DMD ഉത്തരവ്

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം ദിവസ/കരാർ വേതന അടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള ജീവനക്കാരിൽ കോവിഡ് സ്ഥിരീകരിച്ചവർക്കും കോവിഡുമായി ബന്ധപ്പെട്ട് നിരീക്ഷണത്തിൽ പോയവർക്കും ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കാലയളവിൽ അവർ ജോലിയ്ക്ക് ഹാജരാകേണ്ടിയിരുന്ന പ്രവർത്തി ദിവസങ്ങൾ ഡ്യൂട്ടിയായി പരിഗണിച്ച് വേതനം അനുവദിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ പരാമർശം (2) ഉത്തരവ് പ്രകാരം പ്രാഥമിക സമ്പർക്ക പട്ടികയിൽ വരുന്ന സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തു വന്ന ജീവനക്കാർക്ക് അനുവദിച്ചിരുന്ന സ്പെഷ്യൽ കാഷ്വൽ ലീവ് ആനുകൂല്യം റദ്ദ് ചെയ്തും കോവിഡ് പോസിറ്റീവ് ആയ ജീവനക്കാർക്ക് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചികിൽത്സ കാലയളവ് നിലവിൽ പരമാവധി 7 ദിവസം ആയി നിജപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും കോവിഡ് പോസിറ്റീവ് ആയ താൽകാലിക/കരാർ/ദിവസ വേതന ജീവനക്കാർക്ക് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ

അടിസ്ഥാനത്തിൽ ചികിൽത്സ കാലയളവിലെ (പരമാവധി 7 ദിവസം) ജോലിക്ക് ഹാജരാകേണ്ടിയിരുന്ന പ്രവർത്തി ദിവസങ്ങൾ ഡ്യൂട്ടി ആയി പരിഗണിച്ച് വേതനം അനുവദിക്കാവുന്നതും പ്രാഥമിക സമ്പർക്ക പട്ടികയിൽ വരുന്ന ജീവനക്കാർ അക്കാര്യം ഓഫീസിൽ വെളിപ്പെടുത്തിയ ശേഷം ഓഫീസിൽ ഹാജരാകേണ്ടതും സാമൂഹ്യ അകലം അടക്കമുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കേണ്ടതും സ്വയം നിരീക്ഷണം നടത്തേണ്ടതും ഏതെങ്കിലും തരത്തിലുള്ള രോഗ ലക്ഷണമുണ്ടായാൽ ആരോഗ്യ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജയ് എം കൗൾ**
**ധനകാര്യ (വ്യയം) സെക്രട്ടറി**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് –I), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് –II) കേരള, തിരുവനന്തപുരം
4. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ.
5. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ
6. രജിസ്ട്രാർ, കേരള/കൊച്ചി/ കോഴിക്കോട്/എംജി/ കണ്ണൂർ, സംസ്കൃത സർവകലാശാലകൾ
7. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
8. രജിസ്ട്രാർ, കേരള കാർഷിക സർവകലാശാല, തൃശ്ശൂർ
9. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
10. സെക്രട്ടറി , കേരള സംസ്ഥാന വൈദ്യുതി ബോർഡ്
11. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
12.ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
13. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ, തിരുവനന്തപുരം
14. ഡയക്ടർ, സംസ്ഥാന ജല ഗതാഗത വകുപ്പ്, ആലപ്പുഴ
15. ഗവർണറുടെ സെക്രട്ടറി
16. മുഖ്യമന്ത്രിയുടേയും, മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
17. സെക്രട്ടറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും
18 .എല്ലാ വകുപ്പ് മേധാവികൾക്കും, ഓഫീസ് മേലധികാരികൾക്കും
19. പ്രതിപക്ഷ നേതാവിന്റെയും ഗവ. ചീഫ് വിപ്പിന്റെയും സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
20. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
21. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

22. എല്ലാ ജില്ലാ ട്രഷറികൾ/ സബ്ബ് ട്രഷറികൾ
23. നോഡൽ ഓഫീസർ, www.finance.kerala.gov.in
24. സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ